## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2888 — 13.03.2018 -ൽ മറുപടിയ്ക്ക്

### കർഷകർക്ക് ന്യായവില ഉറപ്പാക്കിയുള്ള നാളികേര സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. ടി.എ.അഹമ്മദ് കബീർ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ കർഷകർക്ക് ന്യായവില ഉറപ്പാക്കി നാളികേര സംഭരണം നടത്താൻ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) നാളികേര സംഭരണം നടത്താൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇപ്രകാരം ചെയ്യുമ്പോൾ ക്വിന്റലിന് എത്ര രൂപയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(എ) & (ബി) താങ്ങു വില (MSP) പ്രഖ്യാപിക്കുമ്പോൾ കേരളത്തിലെ ഉയർന്ന ഉൽപ്പാദന ചിലവ് ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും, ആവശ്യമായ വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തിരുന്നു. മില്ലിംഗ് കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 9,725/-രൂപയായും ബാൾ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 10,700/-രൂപയായും വർദ്ധിപ്പിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. കൂടാതെ 2018 സീസണിൽ പച്ചത്തേങ്ങയുടെ കുറഞ്ഞ താങ്ങുവില ക്വിന്റലിന് 2,900/- രൂപയായി നിർണ്ണയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2018 സീസണിൽ ഫെയർ ആവറേജ് ക്വാളിറ്റി മില്ലിംഗ് കൊപ്രയുടേയും അംഗീകരിച്ച കുറഞ്ഞ താങ്ങുവില യഥാക്രമം ക്വിന്റലിന് 7511/- രൂപയും 7750/- രൂപയുമാണ്. ഇപ്പോൾ നാളികേരത്തിന്റെ വിപണി വില ഉയർന്നു നിൽക്കുന്നതിനാൽ പച്ച നാളികേര സംഭരണം നടത്തേണ്ട ആവശ്യകത നിലവിലില്ല.

26-10-2017-ലെ സ.ഉ.(എം.എസ്) നമ്പർ 133/2017/കൃഷി പ്രകാരം കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങൾ/ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ / കേന്ദ്ര നാളികേര സഹകരണ വികസന ബോർഡിനു കീഴിലുള്ള നാളികേര ഉൽപ്പാദക

| | |
|---|---|
| | സൊസൈറ്റി / ഫെഡറേഷനുകൾ/ഡ്രയർ സൗകര്യമുള്ള മറ്റു സൊസൈറ്റികൾ, കൂടാതെ കർഷകരിൽ നിന്നും നേരിട്ടും കേന്ദ്ര ഏജൻസിയായ നാഫെഡ് മുഖേനയും ഗുണനിലവാരമുള്ള പച്ച നാളികേരം സംഭരിച്ച് കേരഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരത്തിലുള്ള കൊപ്രയാക്കി കേരഫെഡിനു നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. |
| (സി) ഇപ്രകാരം സംഭരിക്കുന്ന നാളികേരത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ? | (സി) നാളികേരത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**